പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2284

17.06.2014 ൽ
മറുപടിയ്ക്ക്

## മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി (എൽ.ഡി.സി) പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (IBPS) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിയ്ക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു. പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള എൽ.ഡി ക്ലർക്ക് പരീക്ഷയുടെ കലണ്ടർ അനുസരിച്ച് 20 ദിവസം നീണ്ടു നിൽക്കുന്ന പരീക്ഷാ പരിശീലനം കേരളത്തിലെ 84 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പരിധികളിൽ സംഘടിപ്പിച്ചു. 15 ദിവസം നീണ്ടുനിന്ന ബാങ്കിംഗ് പരീക്ഷാ പരിശീലനം സംസ്ഥാനത്തൊട്ടാകെ 21 കേന്ദ്രങ്ങളിലായി സംഘടിപ്പിച്ചു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവജനങ്ങൾക്ക് സൗജന്യമായി മത്സര പരീക്ഷാ പരിശീലനം നൽകി, സർക്കാർ-ബാങ്കിംഗ് മേഖലയിൽ തൊഴിൽ നേടുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | ഏതെല്ലാം തരം പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത് ; | (സി) | പി.എസ്.സി യുടെ എൽ.ഡി.സി പരീക്ഷയ്ക്കും, ബാങ്കിംഗ് (IBPS) പരീക്ഷയ്ക്കുമാണ് പരിശീലനം നൽകുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിക്ക് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്നതിനായി പഞ്ചായത്ത് യൂത്ത് സെന്റർ മുഖേന അപേക്ഷാ ഫോറവും പോസ്റ്ററും വിതരണം ചെയ്യുകയും പത്രവാർത്ത നൽകുകയും ചെയ്തു. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുകളിലും പോസ്റ്റർ പതിക്കുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ